# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 23/08/13

## ( 15 Shawwal 1434 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

**“ആദം സന്തതികളെ ! നിശ്ചയമായും നാം നിങ്ങൾക്ക് നിങ്ങളുടെ നഗ്നത മറയ്ക്കുവാനും വേഷ ഭൂഷണങ്ങൾക്കായും വസ്ത്രത്തെ ഇറക്കിത്തന്നിരിക്കുന്നു. എന്നാൽ സൂക്ഷ്മതയാകുന്ന വസ്ത്രമാണ് ഉത്തമം. അത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്; അവർ ഉപദേശം കരസ്ഥമാക്കുവാൻ വേണ്ടി (7:27)”.**

**“ഓ നബി, നിന്റെ ഭാര്യമാരോടും പുത്രിമാരോടും സത്യ വിശ്വസികളുടെ സ്ത്രീകളോടും (അവർ പുറത്തിറങ്ങുമ്പോൾ) അവരുടെ മേൽ വസ്ത്രങ്ങൾ തങ്ങളുടെ ശരീരങ്ങളിൻ മേൽ മൂടിപ്പുതക്കേണ്ടതാണെന്ന് പറയുക. അവരെ തിരിച്ചറിയുന്നതിനും അങ്ങനെ, അവരെ (ആരും) ശല്യപ്പെടുത്താതിരിക്കുന്നതിനും ഏറ്റവും ഉപയുക്തമായ മാർഗ്ഗമാണിത്. അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (33:60)”.**

**“സത്യ വിശ്വാസിനികളോട് പറയുക അവർ തങ്ങളുടെ കണ്ണുകൾ താഴ്ത്തുകയും അവരുടെ ഗുഹ്യ സ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തു കൊള്ളട്ടെ. അവരുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്. (24:32)”.**

ആധുനികതയുടെയും, സ്വതന്ത്രചിന്തയുടെയും പേരിൽ, അനേകം രാജ്യങ്ങളിൽ, ഇസ്ലാമിലെ പർദാ സമ്പ്രദായത്തെക്കുറിച്ച്, വാദപ്രതിവാദങ്ങൾക്ക് കളമൊരുക്കിയിട്ടുണ്ട്. പടിഞ്ഞാറൻ രാജ്യങ്ങളും, പടിഞ്ഞാറൻ സംസ്കാരം പിന്തുടരുന്ന മറ്റു രാജ്യങ്ങളും മുസ്‌ലിം സ്ത്രീയെ ഒരു തടവുകാരിയായും, ഒരു അന്തസ്സും ഇല്ലാത്തവളുമായിട്ടാണ് ചിത്രീകരിക്കുന്നത്. കാരണം അവരുടെ വസ്ത്ര രീതിയെ കണ്ടുകൊണ്ടാണ്; തലമുതൽ പാദം വരെ അവർ വസ്ത്രത്താൽ സ്വയം മൂടിപ്പുതയ്ക്കുന്നതുകൊണ്ടാണ് (ഈ ആരോപണത്തിന് അവർ വിധേയരാവുന്നത്.)

2013 ആഗസ്റ്റ് 16-ാം തീയതിയിലെ ജുംആ ഖുത്തുബയിൽ നാം കണ്ടതാണ്, പുരുഷനോടൊപ്പം തുല്യതയ്ക്കും, അന്തസ്സിനും വേണ്ടി, പടിഞ്ഞാറൻ രാജ്യങ്ങളിലെ സ്ത്രീകൾ പോരാട്ടം തുടരുന്നതായി, ഇസ്ലാമിന്റെ ആരംഭം മുതൽ സ്ത്രീകൾക്ക് അന്തസ്സും, സമത്വവും നല്കിയിട്ടുള്ളതാണ്. ദൗർഭാഗ്യവശാൽ ഇസ്ലാമിനെ ഒരു മതമെന്ന നിലയിൽ നോക്കികാണുമ്പോൾ, അതു സ്ത്രീക്കു നല്കുന്ന അന്തസ്സായ വസ്ത്ര ധാരണത്തെ, ശ്വാസം മുട്ടിക്കുന്ന വസ്ത്രമായി ആധുനിക വനിതകളിൽ ചിലർ നോക്കികാണുന്നു. ഒരു സ്ത്രീയുടെ യഥാർത്ഥ അന്തസ്സും, വിലയും എന്താണെന്നറിയാത്ത, മനസ്സിലാകാത്ത / അഥവാ മനസ്സിലാക്കാത്ത ആധുനികതയുടെ പേരു പറയുന്ന ചില വനിതകളുടെ ജല്പനങ്ങൾ മാത്രമാണത്. കാര്യങ്ങളിങ്ങനെയൊക്കെ ആണെങ്കിലും, ഇസ്ലാമിനു മുമ്പുള്ള ചരിത്രവും, സാത്വികരായ സ്ത്രീകളുടെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടവും നടത്തുകയാണെങ്കിൽ, അവർക്ക് മനസ്സിലാകും, അതായത് പാർദ്ദ സമ്പ്രദായം തലമുതൽ പാദം വരെ മറയുന്ന വസ്ത്രധാരണം, ഇസ്ലാമിനുമുമ്പും സാത്വികരായ വനിതകൾ ആചരിച്ചിരുന്നു എന്ന്. അത് അവരുടെ വ്യക്തിത്വത്തിന് മാറ്റുകൂട്ടിയിരുന്നു; അതവരുടെ സ്വാതന്ത്രത്തിനു ഒരു തടസ്സവും സൃഷ്ടിച്ചിരുന്നില്ല. അതിനുള്ള ഏറ്റവും നല്ല ഉദാഹരണം കന്യാമറിയ (റ) ത്തിന്റേതാണ്. സ്ത്രീകൾ മൊത്തത്തിൽ, മതപരമായ കാര്യങ്ങൾ മാറ്റിവച്ചിട്ട്, കന്യാമറിയ (അല്ലാഹു അവരെ തൃപ്തിപ്പെടട്ടെ!) ത്തിന്റെ വസ്ത്ര ധാരണം പിൻ പറ്റേണ്ടതാണ്., മുസ്ലീം സ്ത്രീകളും കന്യാമറിയത്തെപോലെ ഒരു സമ്പൂർണ്ണ വനിതയായിതീരാൻ, ഈശ്വര ഭക്തിയിലും പരിശുദ്ധിയിലും വിനയ ശീലത്തിലും ധാർമ്മികതയിലും, ആത്മീയതയിലും പുരോഗതി ആർജ്ജിക്കുവാൻ ഈ വസ്ത്രധാരണത്തിലൂടെ സാധിക്കുന്നതാണ്.

ദൗർഭാഗ്യവശാൽ, പടിഞ്ഞാറൻ രാജ്യങ്ങളുടെ ലിബറൽ വസ്ത്രധാരണം, കൂടുതൽ പേരെ ആകർഷിക്കുകയും, സമൂഹത്തിലെ മാന്യമായ വസ്ത്രധാരണത്തെ അന്യമാക്കുകയും ചെയ്തിരിക്കുകയാണ്. ഈ സ്വാതന്ത്ര്യമാണ് സ്ത്രീയെ, വ്യഭിചാരവൃത്തിയിലേക്കും, നിരീശ്വരത്വത്തിലേക്കും, മറ്റ് അനാശാസ്യ പ്രവർത്തിയിലേക്കും കൊണ്ടെത്തിക്കുകയാണ് ചെയ്തത്. ഈ സ്വാതന്ത്ര്യം നല്കിയതിലൂടെ, സമൂഹത്തിന്റെ ധാർമ്മികതയെ കുറിച്ച് നിങ്ങളൊന്നു ചിന്തിച്ചു നോക്കുക. പാതിവ്യത്യ പാതയിൽ സ്ത്രീയുടെ പുരോഗതിക്ക്, പർദ്ദാ ധരിക്കാനുള്ള സ്വാതന്ത്ര്യം പ്രദാനം ചെയ്തതിലൂടെ അവർ കരുത്താർജ്ജിക്കുകയാണ് ചെയ്തത്. അല്ലാഹു പ്രദാനം ചെയ്ത വസ്ത്ര ധാരണത്തിലൂടെ, ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനം ലോകർക്കു മുമ്പിൽ, വിശദമാക്കിക്കൊടുക്കുവാൻ ഓരോ മുസ്‌ലിം സത്വിക വനിതയ്ക്കും ബാധ്യതയുണ്ട്. അല്ലാഹുവിനാണ് സർവ്വ സ്തുതിയും.

ഈ പറയപ്പെട്ട സ്വാതന്ത്ര്യം ആധുനിക സമൂഹത്തിലെ പുരുഷന്മാരെ സംബന്ധിച്ചടത്തോളം, അവർ കടിഞ്ഞാണില്ലാത്ത കുതിരകളെ പോലായിരിക്കുകയാണ്. അവർ ദൈവത്തെയോ, വിധിനാളിനേയോ ഭയപ്പെടുന്നവരല്ല. അവർ ഈ ലോകത്തിലെ സുഖങ്ങളെ മാത്രം തേടുന്നവരാണ്. അവരുടെ വഴിയിൽ, മാന്യമായി വസ്ത്രധാരണം ചെയ്യുന്ന സ്ത്രീകൾക്ക് എന്തു സ്ഥാനമാണുള്ളത് ; അവളുടെ നേരെയുള്ള അവന്റെ താല്പര്യമില്ലാത്ത കാഴ്ചയ്ക്ക് എന്തർത്ഥമാണുള്ളത്.

ആയതിനാൽ പുരുഷന്റെ ധാർമ്മികാവസ്ഥ, ആദ്യമായി ശരിയാക്കേണ്ടതുണ്ട്. വളരെയധികം പ്രശ്നങ്ങൾക്കും കാരണം, പുരുഷന്റെ ധാർമ്മികാധപതനം തന്നെയാണ്.

മനുഷ്യ പ്രകൃതിയുടെ ആവശ്യങ്ങളെയും ദൗർബല്യങ്ങളെയും കണക്കിലെടുത്ത്, അവയ്ക്ക് പരിഹാരമായി, വിശുദ്ധ ഖുർ ആൻ നല്കുന്ന, മാർഗ്ഗ നിർദ്ദേശങ്ങൾ, മഹത്തായ പ്രശ്ന പരിഹാരം തന്നെയാണ്. വിശുദ്ധ ഖുർ ആൻ പറയുന്നു. **“സത്യവിശ്വാസികളായ പുരുഷന്മാരോട് പറയുക, അവർ തങ്ങളുടെ കണ്ണുകൾ (ദൃഷ്ടികൾ) താഴ്ത്തുകയും (നിയന്ത്രിക്കുകയും) തങ്ങളുടെ ഗുഹ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്തു കൊള്ളട്ടെ! അതവർക്ക് ഏറ്റവും പരിശുദ്ധമായ മാർഗ്ഗമാണ്. അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു (24: 31). ”**

ഹസ്രത്ത് അനസ് (റ) റിപ്പോർട്ട് ചെയ്യുന്നു. ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു : ഒതുക്കമില്ലായ്മ ഒരു മനുഷ്യനെ വിരൂപനാക്കുന്നു. ഒരു വ്യക്തി, പുരുഷ നാകട്ടെ സ്ത്രീ ആകട്ടെ- അവൻ അല്ലെങ്കിൽ അവൾ ലജ്ജ ഇല്ലാതാകുമ്പോൾ, വിരൂപനാകുന്നു. നികൃഷ്ടമായ ജോലിയിൽ ഏർപ്പെടുന്നവർ, നിന്ദ്യരായി പുറത്തുവരുന്നു. അതുപോലെ, സ്ത്രീ അവളുടെ നഗ്നത വെളിവാക്കിയാൽ, ക്രമേണ അവളുടെ ചലനങ്ങളിലെ ആകർഷകത്വം ഇല്ലാതാകുന്നതാണ്.

വാഗ്ദത്തമസീഹ് മിർസാഗുലാം അഹ്മദ് (അ) ലജ്ജയില്ലായ്മ എന്ന രോഗത്തെ തിരിച്ചറിയുകയും അതിന്റെ മൂലകാരണം കണ്ടെത്തുകയും അവയെ ഇല്ലായ്മ ചെയ്യുവാനുള്ള വഴി തുറന്നിടുകയും ചെയ്തു. പരിഷ്കൃത മനുഷ്യന്റെ കയ്യിൽ സ്ത്രീകൾ സുരക്ഷിതരാകണമെങ്കിൽ , അവർ അവരുടെ വിചാരവികാരങ്ങളെ നിയന്ത്രിക്കുവാൻ ശക്തി ആർജ്ജിക്കേണ്ടതാണ്. അത്തരം ഘട്ടത്തിൽ നമുക്കു പർദ്ദവേണോ വേണ്ടയോ എന്നത് ചർച്ച ചെയ്യാവുന്നതാണ്. വിശുദ്ധ ഖുർആൻ അവതരിച്ചതുമുതൽ ഇന്നുവരേയും ഓരോ മുസ്‌ലിമും, ഓരോ മനുഷ്യനും തങ്ങളുടെ വിചാരവികാരങ്ങളെ നിയന്ത്രിക്കുവാനുള്ള പോരാട്ടം നടത്തുവാൻ അത് ആഹ്വാനം ചെയ്തിട്ട് അതിൽ പൂർണ്ണവിജയം ഇന്നുവരെ നേടിയിട്ടില്ല എന്നത് സത്യമായ വസ്തുതയാണ്; അതുകൊണ്ട് തന്നെ പർദ്ദാ ആചരണം തുടരേണ്ടതു തന്നെയാണ്.

ജോലിക്കോ, തങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്കോ പുറത്തു പോകേണ്ട സ്ത്രീ തങ്ങളുടെ സുരക്ഷിതത്വത്തിനായി അന്യപുരുഷന്മാരിൽ നിന്നും സംരക്ഷണം ലഭിക്കുവാൻ പർദദ ധരിക്കുവാൻ വിശുദ്ധ ഖുർ ആനും വിശുദ്ധ പ്രവാചകനും അവരെ ഉപദേശിക്കുന്നു. അല്ലാഹു അനുവദനീയമാക്കിയിട്ടുളള ഭർത്താവ്, പിതാവ് തുടങ്ങിയവരല്ലാത്തവരുടെ മുമ്പിൽ പർദ്ദ ആചരിക്കുവാൻ അത് ശാസന നല്കുന്നു.

ചൂണ്ട ഇട്ടിരിക്കുന്ന മീൻ പിടുത്തക്കാരന് മീൻ ലഭിക്കുക പോലെയാണ് ശരിയായ വസ്ത്രധാരണം നടത്തി പുറത്തിറങ്ങാത്ത സ്ത്രീയുടെ അവസ്ഥ. സ്ത്രീകൾക്ക് തങ്ങളുടെ ശരീരം പ്രദർശിപ്പിക്കുവാനുളള സ്വാതന്ത്ര്യം; ഇന്നത്തെ സാഹചര്യത്തിൽ, ആടിനെ സിംഹത്തിന്റെ മുമ്പിൽ പരിചയപ്പെടുത്തുന്നതിനു സമാനമായിരിക്കും.

വാഗ്ദത്തമസീഹ് (അ) പറഞ്ഞു. മനുഷ്യനെ ദോഷ പ്രവണതയുള്ള മനസ്സ് അവനെ ചീത്ത കാര്യങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്ന മനുഷ്യൻ വികാരങ്ങൾക്കടിമപ്പെടുകയും അല്ലാഹുവിന്റെ ക്രോധത്തെ അവൻ തൃണവൽ ഗണിക്കുകയും ചെയ്യുന്നു. സുന്ദരികളായ യുവതികളെ അവൻ ദർശിച്ചാൽ തങ്ങളുടെ നയനങ്ങളെ അവൻ അവർക്ക് പിന്നാലെ പായിക്കുന്നു. അതുപോലെ യുവതികളും തങ്ങളുടെ മോശം സഹകാരികളിലേക്ക് തങ്ങളുടെ നയനങ്ങളെ ഉപയോഗപ്പെടുത്തി ബന്ധം വഷളാക്കുന്നു.

എന്നാൽ പർദ്ദാചരണം അവരെ കുലീനത്വവും, മഹത്വവും ഉള്ളവരാക്കിത്തീർക്കുന്നു. പുരുഷനായാലും ശരി സ്ത്രീ ആയാലും ശരി നിങ്ങൾ നിങ്ങളുടെ കുട്ടികൾക്ക് പാതിവ്യത്യത്തെകുറിച്ചും നന്മയെകുറിച്ചും പാഠം നല്കേണ്ടതാണ്. ഈ ധാർമ്മിക പാഠം തിന്മയ്ക്കെതിരിലുള്ള പരിചയാകുന്നു. നിശ്ചയം ഇസ്‌ലാമിക പർദ്ദാസമ്പ്രദായം പാതിവ്യത്യത്തിനുള്ള ഒരുപാധിയാണ് നിങ്ങൾ ഇത് ആചരിച്ചാൽ നിങ്ങളിലുള്ള തെറ്റായമിക്ക പ്രവർത്തികളിൽ നിന്നും നിങ്ങൾക്ക് മോചനം നേടാവുന്നതാണ്. നിങ്ങളുടെ പാതിവ്യത്യം ഈ നിലയിൽ സംരക്ഷിച്ചാൽ അല്ലാഹുവിന്റെ കല്പനകളുമായി ചേർന്നു പോകുവാൻ ശ്രമിച്ചാൽ നിശ്ചയം അല്ലാഹു നിങ്ങളുടെ സംരക്ഷകനായി തീരുന്നതാണ്. നിങ്ങളുടെ ശരീരവും, ആരോഗ്യവും അല്ലാഹുവിൽനിന്നും അകന്നുപോകാതിരിക്കുവാനുള്ള സംരക്ഷണം അല്ലാഹു നല്കുന്നതാണ്.

ഒരു സന്ദർഭത്തിലും വിനയം നഷ്ടമാകരുത് അതു ജീവിതത്തിലായാലും ശരി മരണത്തിലായാലും ശരി അറച്ചു നിന്നാൽ ഫലം അപമാനമായിരിക്കും  ഏതു നിയമത്തിനും ഒഴിവുകഴിവുകൾ ഉണ്ടാകും അതു അല്ലാഹുവിനറിയാം ഇവിടെ അപമാനവസ്ഥ തികച്ചും വ്യത്യസ്ഥമാണ്. ജാഹാദിന്റെയോ യുദ്ധത്തിന്റെയോ അവസരത്തിൽ മറ്റെല്ലാ ആളുകളും ജീവത്യാഗം ചെയ്യുമ്പോൾ ചിലർ മാറി നില്ക്കുന്നു അവരുടെ ഈഗോ നിമിത്തം ഇത്തരം സന്ദർഭങ്ങളിലുള്ള അവരുടെ പെരുമാറ്റം നിന്ദ്യവും അപമാനകരവുമാണ്.

സാഹചര്യമനുസരിച്ച് ആത്മാഭിമാനം എന്താണെന്നു മനസ്സിലാക്കണം കുട്ടികൾ ഭീരുക്കളായി വളരുവാൻ അനുവദിക്കരുത്. അവരുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും അവർ പിൻമാറരുത്. ധർമ്മാധിഷ്ഠിത പ്രവർത്തനങ്ങളിൽ അവർ പൂർണ്ണമായും പങ്കെടുക്കണം ഒരു നല്ല പ്രവർത്തിയിൽ നിന്നും പിന്മാറി നില്ക്കൽ ഒരു ന്യൂനത തന്നെയാണ്. ആയതിനാൽ ഉമ്മമാർ തങ്ങളുടെ മക്കളെ നല്ലകാര്യങ്ങൾ ചെയ്യുന്നതിനു പ്രേരിപ്പിക്കുകയും മോശകാര്യങ്ങളിൽ നിന്നും പിന്തിരിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ് അതായത് നല്ല കാര്യങ്ങൾ അഭിമാനമായികാണുകയും മോശകാര്യങ്ങൾ ചെയ്യുന്നത് അപമാനമായും മനസ്സിലാക്കണം. അങ്ങനെ പർദ്ദ അതിന്റെ പൂർണ്ണാർത്ഥത്തിൽ സ്ഥാപിക്കപ്പെടുന്നതാണ്.

ഇസ്‌ലാമിക പർദ്ദ ആചരിക്കുന്ന സ്ത്രീകളെയും, പെൺകുട്ടികളെയും തിരിച്ചറിയുവാൻ വളരെയെളുപ്പമാണ്. അവർ ശാന്ത പ്രകൃതക്കാരും കുലീനത്വവാഹകരുമായിരിക്കും എന്നാൽ അവർക്കെതിരിൽ മറ്റുചില

സ്ത്രീകളും പെൺകുട്ടികളും പെരുമാറുന്നത് വളരെ മോശമായിട്ടാണ് പത്തോ, പന്ത്രണ്ടോ, അതിൽ കൂടുതലോ വയസ്സുള്ളപെൺകുട്ടികളും , സ്ത്രീകളും വിദേശികളായ പുരുഷന്മാർക്ക് ഷേക്ക് ഹാൻഡ് കൊടുക്കുന്നു. അവർക്കതിൽ ഒരറപ്പും വെറുപ്പുമില്ല. അത്ഭുതമെന്നുപറയട്ടെ ഈ പ്രായത്തിൽ അവർക്ക് പർദ്ദയെ ക്കുറിച്ച് ബോധ്യപ്പെടുത്തുകയോ പരിചയപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നത് അത്ഭുതാവഹമായകാര്യമാണ്.മറ്റുള്ളവ രുടെ ജീവിതശൈലിയെ പിൻപറ്റുന്ന ഇവർ നാളെ ആത്മാഭിമാനമുള്ളവരും കുലീനത്വം മുള്ളവരുമായിതീരു വാൻ ഒരു സാധ്യതയുമില്ല. അവരിൽനിന്നും ഒരു നന്മയും പ്രതീക്ഷിക്കാവതല്ല. ഇസ്ലാമിലെ സ്ത്രീകളിൽ യൂറോ പ്യൻ സംസ്കാരം കടന്നുകയറി അവരിലെ ഇസ്ലാമിക സംസ്കാരത്തെ പാടെനശിപ്പിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ കടന്നുകയറിയ ഈ ആകർഷണങ്ങൾ പ്രവർത്തനമേഖലകളിൽ സാത്താനിക പ്രവർത്തനങ്ങൾ നടത്തു വാൻ ആരംഭിക്കുന്നു. അല്ലാഹുവിന്റെ പാതയിൽ നിന്നും ജനങ്ങളെ സാത്താന്റെ പാതയിലേക്ക് തിരിച്ചു വിടു ന്നു. ദൗർഭാഗ്യവശാൽ മുസ്ലിം വനിതകൾ ഈ പൊള്ളയായ കാഴ്ചപ്പാടിനെ ആകർഷകമായി കാണുന്നു. വിശ്വാസ രഹിതവും നിയമരഹിതവുമായ ലോകത്ത് യഥേഷ്ടം വിഹരിക്കുവാൻ അവരെ അഴിച്ചു വിടുന്നു എന്നാൽ, യഥാർത്ഥ ഭക്തരായ സഹോദരിമാർ/ വിശുദ്ധ ഖുർആന്റെ നിയമ വാഹകർ/ സംരക്ഷകർ എന്തുതന്നെ സംഭ വിച്ചാലും അല്ലാഹുവിന്റെ നിയമങ്ങളെ സ്ഥാപിക്കുവാനും, അനുസരിക്കുവാനും തയ്യാറാവുന്നു. അത് പൊതു സ്ഥലത്തായാലും ശരി ജോലിസ്ഥലത്തായാലും ശരി അവർ ബന്ധപ്പെടുന്നസ്ഥലത്തെല്ലാം അല്ലാഹുവുന്റെ നിയ മങ്ങൾ നടപ്പിലാക്കുവാൻ കഠിനമായി ശ്രമിക്കുന്നവരാണ്.

അന്തസ്സും കുലീനത്വവും എന്താണെന്ന് കുട്ടിക്കാലംമുതൽ തന്നെ കുട്ടികൾ അറിഞ്ഞിരിക്കണം. ചില പ്പോൾ ഇതു സംബന്ധമായി കൂടുതൽ അറിയാത്ത ഒരു സാധാരണ സ്ത്രീ അന്യപുരുഷനുമായി ഷേക്ക് ഹാൻഡ കൊടുക്കുവാൻ നിർബന്ധിതയായി തീർന്നേക്കാം വളരെ പെട്ടെന്നു സംഭവിക്കുന്ന ഇത് വെറുപ്പുളവാക്കുന്ന അംഗവിക്ഷേപത്തോടെ പെട്ടെന്ന് അവസാനിപ്പിക്കേണ്ടതാണ്. ഇതു മനസ്സിലാകുന്നകാര്യമാണ്. അവിടെയും ഇവി ടെയും കാണുന്നടത്തെല്ലാം ഷേക്ക് ഹാൻഡു മായി നടക്കുന്നത് നല്ലതല്ല അതൊരു ഫാഷനായി മാറിയിരിക്കു ന്നു. ഈ പ്രവർത്തി കുലീനത്വത്തെ നശിപ്പിക്കുക മാത്രമല്ല നമ്മുടെ സമുദായത്തിന് അപമാനവുമാണ്.

ഇൻഷാ അല്ലാഹ് അടുത്തവെള്ളിയാഴ്ചയും ഇതേവിഷയം തുടരുന്നതാണ്. ഇസ്ലാമിക പർദ്ദ ആചരി ക്കുവാൻ അല്ലാഹു നമ്മെ എല്ലാവരെയും (പുരുഷന്മാരെയും സ്ത്രീകളെയും ) അത് ശാരീരികമായാലും, ധാർമ്മി കതയിലായാലും ആത്മീയതയിലായാലും ശരി സഹായിക്കട്ടെ പാതിവൃത്തിന്റെയും കുലീനത്വത്തിന്റെയും ജീവി ക്കുന്ന ഉദാഹരണങ്ങളായി നാം ഓരോരത്തരും മാറട്ടെ അങ്ങനെ അല്ലാഹു നമ്മെപറ്റി തൃപതനാകട്ടെ. വിധി നാൾവരേക്കും സംശുദ്ധമായ ഒരു തലമുറയ്ക്കുവേണ്ടി അവരുടെ കുലീനത്വവും പാതിവൃത്യവും കാത്തുസൂ ക്ഷിക്കുന്ന തലമുറയ്ക്കുവേണ്ടി- നാം പുരുഷന്മാരും, സ്ത്രീകളും തുല്യപങ്കാളികളായി ആദരിക്കപ്പെടുന്ന ഒരു ലോക സൃഷ്ടിക്കായി നമുക്ക് മെല്ലെ നീങ്ങാം ഇൻഷാ അല്ലാഹ് ആമീൻ.....

For Jamaat-Ul-Sahih-Al-Islam, Kerala
Translated & Issued By
**R. Jamaludin Raother**
Amir
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*